# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1380 — 03/10/16-ൽ മറുപടിക്ക്

## കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ: | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |

എ) കരുനാഗപ്പള്ളി ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എത്ര വാഹനങ്ങളുണ്ടെന്നും വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ടെന്നും വിശദമാക്കാമോ;

എ) ഉണ്ട്.

ഇവിടെ 4 വാഹനങ്ങൾ ഉണ്ട്. (വാട്ടർ ടെണ്ടർ-1, മിനി വാട്ടർ ടെണ്ടർ-1, വാട്ടർ ലോറി-1, ജീപ്പ്-1). വിവിധ വിഭാഗങ്ങളിലായി കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിൽ ആകെ 38 ജീവനക്കാരുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:-

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 1 |
| 2 | അസി.സ്റ്റേഷൻ ഓഫീസർ | 1 |
| 3 | ലീഡിംഗ് ഫയർമാൻ | 4 |
| 4 | ഡ്രൈവർ മെക്കാനിക്ക് | 1 |
| 5 | ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 7 |
| 6 | ഫയർമാൻ | 24 |
| | ആകെ | 38 |

ബി) ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

ബി) ഇല്ല.

സി) ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർ, പ്രാഥമിക കൃത്യങ്ങൾ ചെയ്യുന്നതിന് ഉൾപ്പെടെ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ളതുമൂലം ബുദ്ധിമുട്ടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) സ്ഥലം കണ്ടെത്തി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) &(ഡി)

ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**